2. ലൈറ്റ് ഷാഫ്റ്റ്

പകൽസമയങ്ങളിൽ സൂര്യപ്രകാശം ഷാഫ്റ്റുകളിലൂടെ കടത്തി കെട്ടിടങ്ങൾക്കുള്ളിലെത്തിച്ച് പ്രകാശിതമാക്കാനുള്ള ഒരു പദ്ധതി യാണിത്. ശ്രീ. വൈശാഖ് എന്ന വിദ്യാർത്ഥിയുടേതാണ് ഈ ആശയം.

3. ആൻവിൻറേറ്റർ

കാറ്റിൽനിന്നുള്ള ചെറിയ ചലനമുപയോഗിച്ച് ഒരു കാന്തിക പാളിയിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഒരു നൂതന സാങ്കേതിക വിദ്യയാണിത്. ശ്രീ. വർഗ്ഗീസ് കുട്ടി എന്ന ആളുടേതാണ് ഈ ആശയം.

ഈ ആശയങ്ങൾക്ക് ധനസഹായം നൽകിക്കഴിഞ്ഞു.

കൂടാതെ മറ്റ് ആറ് പദ്ധതികളുടെ ആശയങ്ങൾകൂടി തെരഞ്ഞെടുത്ത് നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക നടപടിക്രമങ്ങൾ നടന്നുവരുന്നു. പദ്ധതി വിലയിരുത്തലിന്റെ പഠനം പൂർത്തിയായിവരുന്ന മുറയ്ക്ക് അവ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഡി)

1 ആശയവിപുലീകരണത്തിന് 10 പേർക്ക് പരമാവധി 75,000 രൂപ വരെയും.

2. ആശയങ്ങൾ നടപ്പിൽ വരുത്താനായി പ്രോട്ടോടൈപ്പ്/പൈലറ്റ് പ്രോജക്ട് നടപ്പിലാക്കാൻ 10 പേർക്ക് പരമാവധി 15 ലക്ഷംരൂപ വരെയും ധനസഹായം നൽകിവരുന്നു.

3. വ്യാവസായിക അടിസ്ഥാനത്തിൽ സംരംഭം തുടങ്ങാൻ ഒരു വ്യക്തിക്ക് ഒരു സംരംഭത്തിന് പരമാവധി 50 ലക്ഷംരൂപവരെയും ധനസഹായം നൽകിവരുന്നു.

ജലവൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷി

14 (6465) ശ്രീ. പാലോട് രവി :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷി വർദ്ധിപ്പിക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് : വിശദമാക്കുമോ ;

(ബി) ഇപ്പോഴുള്ള പദ്ധതികളുടെ സ്ഥാപിതശേഷിയിൽ എത്രമാത്രം വർദ്ധനവിനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ഏതെല്ലാം പദ്ധതികളെ ഇതിനുവേണ്ടി പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) പൊരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതി (4x8 MW to 4x9 MW) യുടെ 8 എം.ഡബ്ല്യു. ശേഷിയുള്ള 4 ജനറേറ്ററുകളുടെ (4 x 8 MW) ആധുനിക വൽക്കരണത്തിനും ഉൽപ്പാദനശേഷി (4 x 9 MW) ആയി വർദ്ധിപ്പിക്കുന്നതിനും വേണ്ടിയുള്ള പണികൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതി പൂർത്തീകരിക്കപ്പെടുമ്പോൾ നിലവിലുള്ള ശേഷി 32 എം.ഡബ്ല്യു.വിൽനിന്നും 36 എം. ഡബ്ല്യു. ആയി വർദ്ധിക്കുന്നതാണ്. ഒന്നാം നമ്പർ മെഷീന്റെ നവീകരണം പൂർത്തീകരിച്ച് 9 എം. ഡബ്ല്യു. ശേഷിയിൽ 15-4-2014 മുതൽ ഉൽപ്പാദനം തുടങ്ങി. രണ്ടാം നമ്പർ മെഷീന്റെ നവീകരണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ബാക്കി രണ്ട് ജനറേറ്റുകളുടെയും നവീകരണ പ്രവർത്തനങ്ങൾ യഥാക്രമം 2014 ഡിസംബറിലും 2015 മേയ് മാസത്തിലും പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള സാദ്ധ്യതാ പഠനവും ആർ.എൽ.എ. (RLA) ശിഷ്ടായുസ്സ് നിർണ്ണയപഠനവും നടത്തുന്നതിനായി ഐ.ഐ.ടി.-റൂർക്കിയുടെ കീഴിലുള്ള എ.എച്ച്.ഇ.സി. എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി. പഠനം പൂർത്തീകരിച്ച് പ്രസ്തുത സ്ഥാപനം സമർപ്പിച്ച റിപ്പോർട്ട് ബോർഡ് പരിശോധിച്ചുവരുന്നു. ശേഷിക്കുന്ന പദ്ധതികളുടെ നവീകരണം നടപ്പാക്കുന്ന സമയത്ത് ശേഷിവർദ്ധനവിന്റെ സാദ്ധ്യതകൂടി നവീകരണത്തിന് മുന്നോടിയായുള്ള പഠനത്തിൽ ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

കെ.എസ്.ഇ.ബി.ക്ക് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക

15 (6466) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.ക്ക് വൈദ്യുതി കുടിശ്ശിക ഇനത്തിൽ ഏതൊക്കെ വൻകിട വ്യവസായസ്ഥാപനങ്ങൾ എത്ര രൂപ വീതം നൽകുവാനുണ്ടെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത തുക പിരിച്ചെടുക്കുന്നതിന് കെ.എസ്.ഇ.ബി. സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇ.എച്ച്.ടി. വിഭാഗത്തിൽ കുടിശ്ശികയുള്ള വൻകിട വ്യവസായ സ്ഥാപനങ്ങളുടെ വിശദമായ ലിസ്റ്റ് അനുബന്ധം 1-ഉം 2-ഉം ആയി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുതകുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, തവണ വ്യവസ്ഥ അനുവദിക്കൽ, കുടിശ്ശിക സംബന്ധിച്ച് വിവിധ കോടതികളിൽ നിലവിലുള്ള കേസ്സുകൾ തീർപ്പാക്കൽ തുടങ്ങിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly